കേരളത്തിനു പുറത്തുള്ള സർക്കാർ ഭൂമിയും കെട്ടിടങ്ങളും

36 (36) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന് പുറത്ത് സംസ്ഥാന സർക്കാരിന് എവിടെയെല്ലാം ഭൂമിയും കെട്ടിടങ്ങളും ഉണ്ട് ;

(ബി) ഏത് സംസ്ഥാനങ്ങളിലാണ് ഇവ സ്ഥിതി ചെയ്യുന്നത് ; ഇവയുടെ വിസ്തീർണ്ണം എത്രയാണ്, സംസ്ഥാനത്തിനു പുറത്തുള്ള ഭൂമിയുടെയും കെട്ടിടങ്ങളുടെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഉത്തർപ്രദേശിലെ വാരണാസിയിൽ സംസ്ഥാന സർക്കാരിന് സ്ഥലം ഉണ്ടായിരുന്നോ ; എങ്കിൽ എത്ര സ്ഥലം ഉണ്ടായിരുന്നുവെന്നും അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്ത് എന്നും വ്യക്തമാക്കാമോ ;

(ഡി) കേരളത്തിന് പുറത്തുള്ള ഭൂമിയുടെയും സ്ഥലത്തിന്റെയും ചുമതല ഏതൊക്കെ വകുപ്പിനാണ് ;

(ഇ) ഓരോരുത്തരുടെയും കൈവശമുള്ള ഭൂമി എത്രയെന്നും എവിടെയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു വരുന്നു.

ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളും താല്പര്യങ്ങളും സംരക്ഷിക്കുവാൻ നടപടി

37 (37) ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളും താല്പര്യങ്ങളും സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ;

(ബി) ഈ കാലഘട്ടത്തിൽ ന്യൂനപക്ഷങ്ങൾ നടത്തി വരുന്ന ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥി സമരങ്ങളുണ്ടായതിനെത്തുടർന്ന് എന്തെല്ലാം അനിഷ്ടസംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ;

(സി) പ്രസ്തുത കോളേജുകളിൽ വിദ്യാർത്ഥി സമരം നടത്തിയത് ഏത് വിദ്യാർത്ഥി സംഘടനയാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ന്യൂനപക്ഷങ്ങളുടെ കാര്യത്തിൽ ഭരണഘടനാധിഷ്ഠിതമായി അവർക്ക് ലഭിച്ചിട്ടുള്ള എല്ലാവിധ അവകാശങ്ങളും താല്പര്യങ്ങളും സംരക്ഷിക്കുന്നതിന് ഏറ്റവും ഉയർന്ന പരിഗണനയാണ് ഈ സർക്കാർ നൽകി

LIBRARY ARCHIVES Kerala Legislative Assembly

വരുന്നത്. ഇതു സംബന്ധിച്ച് പരാതികളൊന്നും സർക്കാരിന് ലഭിച്ചിട്ടില്ല. രാജ്യത്തിന്റെ മറ്റുവിഭാഗങ്ങളിൽ ന്യൂനപക്ഷങ്ങൾക്കെതിരായി വ്യത്യസ്ത അക്രമങ്ങൾ ഉണ്ടായ ഘട്ടത്തിൽപോലും കേരളത്തിൽ നിന്നും കടന്നാക്രമണങ്ങളിൽ നിന്ന് പൂർണ്ണ സംരക്ഷണം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) വിദ്യാർത്ഥി സംഘടനാ പ്രവർത്തനം നടക്കുന്ന മിക്ക കോളേജുകളിലും വ്യത്യസ്ത പ്രശ്നങ്ങളുടെ പേരിൽ വിദ്യാർത്ഥി സമരം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എസ്.എഫ്.ഐ., കെ.എസ്.യു. തുടങ്ങിയ സംഘടനകൾ ഇത്തരം കോളേജുകളിൽ സമരം നടത്തിയിരുന്നു.

പി.എസ്.സി. മുഖേന തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കാത്ത സാഹചര്യം ഒഴിവാക്കാൻ നടപടി

38 (38) ശ്രീ. പി. കെ അബ്ദുറബ്ബ് :

ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രീമിലെയർ സംബന്ധിച്ച് സുപ്രീംകോടതി വിധിയെ തുടർന്ന് കെ.പി.എസ്.സി. തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കാത്ത സാഹചര്യം ഒഴിവാക്കുന്നതിന് സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു ;

(ബി) ഇനിയും എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ;

(സി) റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) നിയമനങ്ങൾ നടക്കാത്തതുമൂലം സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത് ?

ഉത്തരം

(എ-ഡി) നിലവിലുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി മൂന്ന് മാസത്തേയ്ക്ക് ദീർഘിപ്പിക്കുന്നതിന് പി.എസ്.സി.യോട് ശുപാർശ ചെയ്തിട്ടുണ്ട്. സർക്കാരിന്റെ ജി. ഒ(പി.)15/2000/ എസ്.സി.എസ്.ഡി. നമ്പരിൽ 16-2-2000-ലെ ഉത്തരവ് പ്രകാരം നിയമനനിരോധനം പിൻവലിച്ചിട്ടുള്ളതിനാൽ നിയമനങ്ങൾ നടക്കാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ പരിഹരിച്ചിട്ടുണ്ട്.

നിർത്തിവയ്ക്കപ്പെട്ട പി.എസ്.സി. നിയമനങ്ങൾ

39 (39) ശ്രീ. കെ. ടി . കുഞ്ഞഹമ്മദ് :

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രീമിലെയർ സംബന്ധിച്ച് സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിലുണ്ടായ സർക്കാർ നടപടിയെ തുടർന്ന് ഏതൊക്കെ റാങ്കുലിസ്റ്റുകളിലെ നിയമനങ്ങളാണ് നിർത്തിവയ്ക്കപ്പെട്ടതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly